**പുതുക്കിയ മറുപടി**

**പതിനഞ്ചാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1494** **തിരുത്ത് വരുത്തിയ മറുപടി (08/12/2022)**

**കെ.ഇ.ആർ. റൂൾ 51 എ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സനീഷ് കുമാർ ജോസഫ് | | വി.ശിവൻകുട്ടി<br>(പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| എ) | മുൻകാല സർവീസ് ഉള്ള ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് കെ.ഇ.ആർ. ലെ റൂൾ 51 എ ബാധകമാക്കികൊണ്ടു ബഹു ഹൈകോടതി ഡിവിഷൻ ബെഞ്ച് ജയശ്രീ vs കേരള സ്റ്റേറ്റ് എന്ന കേസിൽ വിധി നടത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം കേസുകളിൽ പ്രസ്തുത വിധി പ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണമെന്നു കാണിച്ചു വകുപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിരുന്നോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി)<br>&<br>സി) | സമാന വിഷയവുമായി ബന്ധമുള്ള ഒരു സർക്കുലർ 24.04.2018 ൽ 1032856/റ്റി1/2016/പൊ.വി.വ. നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട് എങ്കിലും ടി സർക്കുലർ ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് കെ.ഇ.ആർ റൂൾ 51 എ ബാധകമാക്കിക്കൊണ്ടു പുറപ്പെടുവിച്ച ജയശ്രീ vs. കേരള സ്റ്റേറ്റ് വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണമെന്ന് കാണിച്ച് പുറപ്പെടുവിച്ച സർക്കുലർ അല്ല. പകരം ഹ്രസ്വകാല ഒഴിവുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നത് സംബന്ധിച്ചുള്ളതാണ്. എന്നാൽ "ജയശ്രീ vs ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് എന്ന കേസിൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനവും വിദ്യാഭ്യാസ യോഗ്യതകളും പ്രതിപാദിക്കുന്ന കെ.ഇ.ആർ അദ്ധ്യായം 32 ൽ കെ.ഇ.ആർ അദ്ധ്യായം 14 എ യിലെ റൂൾ 51 എ അവകാശത്തെപ്പറ്റിയുള്ള കൃത്യമായ വകുപ്പുകൾ ഇല്ലെങ്കിലും ഹ്രസ്വകാല ഒഴിവുകളിൽ നിയമിക്കപ്പെട്ട ജോലി നഷ്ടപ്പെട്ടവരെ പിന്നീടുണ്ടാകുന്ന അദ്ധ്യാപക തസ്തികകളിലെ ഒഴിവുകളിൽ നിയമിക്കണമെന്ന് ബഹു. കേരള ഹൈക്കോടതി വ്യക്തമാക്കുകയും സമാനകേസുകൾ സർക്കാർ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കുകയും ചെയ്തു വരുന്നു." എന്ന ഒരു പരാമർശം ടി സർക്കുലറിലെ |
| സി) | ഹയർസെക്കണ്ടറി വിഭാഗത്തിൽ 51 എ ക്ലെയിം ബാധകമാക്കികൊണ്ടു ബഹു.ഹൈക്കോടതി വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടും ചില റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അത്തരം കേസുകളിൽ വീണ്ടും സ്പഷ്ടീകരണം ചോദിച്ചു ഫയലുകളിൽ കാലതാമസം വരുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഖണ്ഡിക 2 –ൽ ഉണ്ട്. മേൽ പ്രകാരമുള്ള ഒരു പരാമർശം ടി സർക്കുലറിൽ ഉള്ളതൊഴിച്ചാൽ ടി സർക്കുലറിലെ ഉത്തരവ് പ്രായപരിധിയിൽ ഇളവ് നൽകുന്നത് സംബന്ധിച്ചുള്ളതാണ്. |

സെക്ഷൻ ഓഫീസർ